തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

97 (111) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വിമാനത്താവള വികസനത്തിനായി ഇതിനകം സർക്കാർ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു നൽകിയിട്ടുണ്ട് ;

(സി) രണ്ടാം ടെർമിനലിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു നൽകിയിട്ടുണ്ട് ;

(ഡി) രണ്ടാം ടെർമിനലിൽ യൂസർഫീ ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് എയർപോർട്ട് അതോറിറ്റിയുടെ നിലപാട് വ്യക്തമാക്കുമോ ;

(ഇ) യൂസർഫീ ഏർപ്പെടുത്തുന്നതിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1-11-2006-ൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ പുതിയ രാജ്യാന്തര ടെർമിനലിന്റേയും, എയർ ഇൻഡ്യയുടെ എയർ ക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റിന്റേയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. പുതിയ ടെർമിനലിനായി 38 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റിക്ക് കൈമാറുകയും 289.6 കോടി രൂപ ചെലവിൽ പുതിയ രാജ്യാന്തര ടെർമിനലിന്റെ എല്ലാ പണികളും പൂർത്തിയായിക്കഴിഞ്ഞിട്ടുമുണ്ട്. ഈ മാസം ബഹു. പ്രധാനമന്ത്രി ഉത്ഘാടനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ ടെർമിനലിനുള്ള അനുബന്ധ റോഡും ചാക്ക ടി.എസ്. കനാലിനു മുകളിലുള്ള മേൽപ്പാലവും 26 കോടിയോളം രൂപാ ചെലവഴിച്ച് സംസ്ഥാന സർക്കാർ നിർമ്മിച്ചു. ടി റോഡിനും മേൽപ്പാലത്തിനും 30 മീറ്റർ വീതിയും 6 വരി പാതയുമുണ്ട്. ഇവയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇതിനോടകം 81.10 കോടി രൂപ ചെലവഴിച്ചു. ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 100-150 കോടി രൂപ ഇനിയും സംസ്ഥാന സർക്കാർ മുടക്കേണ്ടതായിട്ടുണ്ട്. പുതിയ രാജ്യാന്തര ടെർമിനലിന്റെ ഉദ്ഘാടനത്തിനൊപ്പം എയർ ഇന്ത്യയുടെ കീഴിൽ നിർമ്മിക്കുന്ന മെയിന്റനൻസ് യൂണിറ്റിന്റേയും രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയുടെ പുതിയ ഹാംഗർ യൂണിറ്റിന്റെ കെട്ടിടത്തിന്റെയും, ശിലാസ്ഥാപനവും ബഹു.പ്രധാനമന്ത്രി നിർമ്മിക്കുമെന്ന് കരുതുന്നു.

(ബി&സി) തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ 38 ഏക്കർ ഭൂമി ഇതുവരെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റിയാണ് യൂസർഫീ ഏർപ്പെടുത്തി ഉത്തരവിറക്കിയത്. ടി ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര വ്യോമയാന മന്ത്രാലയം, എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ എന്നവരോടാവശ്യപ്പെടുകയും തുടർന്ന് എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുമുണ്ട്. ടി അപ്പീലിൻമേൽ തീരുമാനമായിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് യൂസർഫീ പിൻവലിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയോട് 21-12-2010-ലെ കത്ത് മുഖേന ആവശ്യപ്പെടുകയും ടി കത്ത് ലഭിച്ചതായി ബഹു.പ്രധാനമന്ത്രി അറിയിക്കുകയും ചെയ്തിട്ടുമുണ്ട്.

പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

98 (112) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കായി ഈ ഗവൺമെന്റ് നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സാന്ത്വന ധനസഹായ പദ്ധതി അനുസരിച്ച് എത്രപേർക്ക് ഇതിനകം ആനുകൂല്യം നൽകിയിട്ടുണ്ട് ;

(സി) എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് ഇത്തരത്തിൽ നൽകിയിട്ടുള്ളതെന്നറിയിക്കുമോ ;

(ഡി) വിദേശത്ത് തൊഴിൽ തേടിപോകുന്നവർക്കായി നോർക്ക റൂട്ടിന്റെ ആഭിമുഖ്യത്തിൽ എവിടെയെല്ലാമാണ് പരിശീലനം നൽകിയിട്ടുള്ളത് ;

(ഇ) എത്രപേർക്ക് പരിശീലനം നൽകി ;

(എഫ്) കണ്ണൂർ ജില്ലയിൽ ഈ പരിശീലനം എത്രപേർക്കാണ് നൽകിയതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2006-2010-വരെയുള്ള കാലഘട്ടത്തിൽ പ്രവാസികളുടെ ക്ഷേമത്തിനായി ഈ വകുപ്പുവഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. കാരുണ്യം

വിദേശത്തുവച്ച് മരണപ്പടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകൾ വഹിക്കുന്നതിലേക്കായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്.

2. പ്രവാസി കേരളീയ ക്ഷേമപദ്ധതി

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി എന്ന പേരിൽ പ്രവാസികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും അടക്കംനൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly